"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ അരുവിക്കര മണ്ഡലത്തിലെ പന്നിക്കുഴി പാലം നിർമ്മാണം- നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**പൊതുമരാമത്ത് (ഡി)വകുപ്പ്**

സ.ഉ.(കൈ) നം.14/2025/PWD തീയതി,തിരുവനന്തപുരം, 01-03-2025

---

പരാമർശം:-

1. 30.03.2012 തീയതിയിലെ സഉ(സാധാ)നമ്പർ.538/2012/ പൊ.മ.വ
2. 04.05.2019 തീയതിയിലെ സഉ(അച്ചടി)നം.54/2021/ഫിൻ
3. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 22.08.2024 തീയതിയിലെ CEPWD/15475/2023-AB3-BR നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര മണ്ഡലത്തിലെ പട്ടംകുളിച്ചപ്പാറ, മീനാങ്കൽ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന പന്നിക്കുഴി പാലം നിർമ്മാണ പ്രവൃത്തിയ്ക്കായി പരാമർശം (1) പ്രകാരം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്കായി 4,49,85,159/- രൂപ എസ്റ്റിമേറ്റ് പി.എ.സി കണക്കാക്കി 15.02.2024 തീയതിയിൽ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. സിംഗിൾ ബിഡ് മാത്രം ലഭിച്ചതിനാൽ 06.03.2024 തീയതിയിലും 11.06.2024 തീയതിയിലും റീടെണ്ടർ ക്ഷണിച്ചുവെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് 22.06.2024 തീയതിയിൽ പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്യുകയും നാലാമത്തെ ടെണ്ടറിൽ ശ്രീ.ശ്രീകുമാർ.ആർ, ശ്രീഭവൻ, വെഞ്ഞാറമൂട് എന്ന കരാറുകാരൻ 5,37,80,782.74/-രൂപ ക്വാട്ട് ചെയ്യുകയുണ്ടായി . പ്രസ്തുത തുക എസ്റ്റിമേറ്റ് PAC-തുകയായ 4,49,85,159/- രൂപയെക്കാളും 19.55% വർദ്ധനവുള്ളതും, DSOR+10% തുകയായ 4,95,35,737/- രൂപയെക്കാളും 8.57% വർദ്ധനവുള്ളതും, എൽ.എം.ആർ തുകയായ 6,04,06,106/- രൂപയെക്കാൾ 10.97% കുറവുള്ളതുമാണ്.

2) തിരുവനന്തപുരം ജില്ലയിലെ അരുവിക്കര മണ്ഡലത്തിലെ പട്ടംകുളിച്ചപ്പാറ, മീനാങ്കൽ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന പന്നിക്കുഴി പാലം നിർമ്മാണ പ്രവൃത്തിയ്ക്കായി ക്ഷണിച്ച നാലാമത്തെ ടെണ്ടറിൽ ശ്രീ.ശ്രീകുമാർ.ആർ എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത തുക പരാമർശം (2) ഉത്തരവ് പ്രകാരമുള്ള പരിധിയ്ക്ക് പുറത്തുള്ള തുകയായതിനാലും, സൈറ്റ് കണ്ടീഷൻ പ്രകാരം പ്രസ്തുത പ്രവൃത്തി റീവർക്ക് ചെയ്യാൻ സ്കോപ്പ് ഇല്ലാത്തതിനാലും, 2012-ൽ ഭരണാനുമതി

ലഭിച്ച പ്രവൃത്തി ആയതിനാൽ വീണ്ടും ടെണ്ടർ ചെയ്താലും ഉയർന്ന റേറ്റ് ലഭിക്കാനേ സാധ്യതയുള്ളുവെന്നതിനാലും നാലാമത്തെ ടെണ്ടറിൽ ശ്രീ.ശ്രീകുമാർ.ആർ എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത തുകയായ **5,37,80,782.74/-** രൂപയുടെ ടെണ്ടർ; പരാമർശം (2) പ്രകാരമുള്ള നിലവിലെ മാനദണ്ഡമായ **"Quoted rate/DSor+10%/LMR whichever is less"** എന്ന പരിധിയിൽ ഇളവ് നൽകിക്കൊണ്ട് അംഗീകരിക്കണമെന്ന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

| | | |
|---|---|---|
| 1 | **Estimate PAC** | **4,49,85,159/-** |
| 2 | **Current SOR +10%** | **4,95,35,737/-** |
| 3 | **LMR PAC** | **6,04,06,106/-** |
| 4 | **Negotiated quoted amount** | **5,37,80,783/-** |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ അരുവിക്കര മണ്ഡലത്തിലെ പട്ടംകുളിച്ചപ്പാറ , മീനാങ്കൽ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന പന്നിക്കുഴി പാലം നിർമ്മാണ പ്രവ്യത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച നാലാമത്തെ ടെണ്ടറിൽ ശ്രീ.ശ്രീകുമാർ.ആർ, ശ്രീഭവൻ, വെഞ്ഞാറമൂട് എന്ന കരാറുകാരൻ ക്വാട്ട് ചെയ്തതും, എസ്റ്റിമേറ്റ് പി.എ.സി തുകയെക്കാൾ **19.55%** വർദ്ധനവുള്ളതും, **DSOR +10%** തുകയെക്കാൾ **8.57%** വർദ്ധനവുള്ളതും, എൽ.എം.ആർ തുകയെക്കാൾ **10.97%** കുറവുള്ളതുമായ **5,37,80,783/-** (അഞ്ച് കോടി മുപ്പത്തേഴ് ലക്ഷത്തി എൺപതിനായിരത്തി എഴുന്നൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) രൂപയുടെ ടെണ്ടർ അംഗീകരിക്കണമെന്ന പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ അപേക്ഷ പരിഗണിച്ച് പരാമർശം (2) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥയായ **"Quoted amount/LMR or DSoR 2018+10% whichever is less"** എന്ന പരിധിയിൽ ഇളവ് നൽകി ടെണ്ടർ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ,പാലങ്ങൾ വിഭാഗം.
ധനകാര്യവകുപ്പ് (I&PW-B/278/2024-Fin (E 2937776) dated 06.01.2025)
പൊതുഭരണ(എസ് സി)വകുപ്പ് (ഇനം നമ്പർ-2745)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ),ഐ&പി ആർഡി
കരുതൽ ഫയൽ/ഡി1/428 /2025/പൊമവ

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 03-03-2025 11:09:57

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു,പൊതുമരാമത്ത് മന്ത്രിയുടെ പി എസ്.ന്

പൊതുമരാമത്ത് സെക്രട്ടറിയുടെ സി എയ്ക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 27-02-2025

ഫയൽ നം. ഡി1/428/2024/പൊ.മ.വ. ഇനം നം: 2745

വിഷയം : പൊതുമരാമത്ത് വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ അരുവിക്കര മണ്ഡലത്തിലെ പട്ടംകുളിച്ചപ്പാറ, മീനാങ്കൽ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന പന്നിക്കുഴി പാലം നിർമ്മാണ പ്രവൃത്തി-നിലവിലുള്ള മാനദണ്ഡമായ DSR+10% എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

2745

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി 1/428/2024/പൊ.മ.വ |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ഡി) വകുപ്പ് |
| 3 | വിഷയം | : | തിരുവനന്തപുരം ജില്ലയിലെ അരുവിക്കര മണ്ഡലത്തിലെ പട്ടംകളിച്ചപ്പാറ, മീനാങ്കൽ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന പന്നിക്കുഴി പാലം നിർമ്മാണ-പ്രവൃത്തി-നിലവിലുള്ള മാനദണ്ഡമായ DSR+10% എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കുന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10/02/2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം | : | ഉണ്ട് |
| | മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശ്രീദേവി ഇ എസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.02.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.02.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.എ.മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20.02.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20.02.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര മണ്ഡലത്തിലെ പന്നിക്കുഴി പാലം നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശ്രീ. ശ്രീകുമാർ.ആർ സമർപ്പിച്ച ടെണ്ടർ അംഗീകരിക്കണമെന്ന പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ് .

2) തിരുവനന്തപുരം ജില്ലയിലെ അരുവിക്കര മണ്ഡലത്തിലെ പട്ടംകുളിച്ചപ്പാറ , മീനാങ്കൽ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന പന്നിക്കുഴി പാലം നിർമ്മാണ പ്രവൃത്തിയ്ക്കായി 30.03.2012 തീയതിയിലെ സഉ(സാധാ)നമ്പർ.538/2012/പൊമവ പ്രകാരം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 14-02-2024 തീയതിയിലെ PWD/BR/EST-TS/12595/2023 5-1-1 പ്രകാരം 54930000/- രൂപയുടെ സാങ്കേതികാനുമതിയും നൽകി. 4,49,85,159/- രൂപ എസ്റ്റിമേറ്റ് പി എ സി കണക്കാക്കി പ്രസ്തുത പ്രവൃത്തിയ്ക്കായി 15.02.2024 തീയതിയിൽ ടെണ്ടർ ക്ഷണിക്കുകയും, സിംഗിൾ ബിഡ് മാത്രം ലഭിച്ചതിനാൽ 06.03.2024 തീയതിയിലും 11.06.2024 തീയതിലും റീടെണ്ടർ ക്ഷണിച്ചു എങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് 22.06.2024 ൽ പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്യുകയും നാലാമത്തെ ടെണ്ടറിൽ (മൂന്നാമത്തെ റീടെണ്ടർ) ശ്രീ.ശ്രീകുമാർ.ആർ എന്ന കരാറുകാരൻ 5,37,80,782.74/-രൂപ ക്വാട്ട് ചെയ്യുകയുമുണ്ടായി . ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് പി എ സി തുകയെക്കാളും 19.55% വർദ്ധനവുള്ളതായതിനാൽ ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തിയെങ്കിലും ക്വാട്ടഡ് തുകയിൽ കുറവ് വരുത്തുവാൻ ബിഡ്ഡർ തയ്യാറായില്ല. കരാറുകാരൻ ക്വാട്ട് ചെയ്ത തുക 04.05.2019 തീയതിയിലെ സഉ(അച്ചടി)നം.54/2021/ഫിൻ ഉത്തരവിലെ ഖണ്ഡിക 5,ഉപഖണ്ഡിക 5 ൽ പരാമർശിച്ചിരിക്കുന്ന പരിധിയ്ക്ക് പുറത്തുള്ള തുകയായതിനാൽ ടെണ്ടർ അംഗീകരിക്കുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാറിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.Estimate PAC, DsoR+10%, LAR, Quoted amount എന്നിവ തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Estimate PAC | 4,49,85,159/- |
| 2 | Current SOR +10% | 4,95,35,737/- |
| 3 | LMR PAC | 6,04,06,106/- |
| 4 | Negotiated quoted amount | 5,37,80,783/- |

3) തിരുവനന്തപുരം ജില്ലയിലെ അരുവിക്കര മണ്ഡലത്തിലെ പട്ടംകുളിച്ചപ്പാറ,മീനാങ്കൽ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന പന്നിക്കുഴി പാലം നിർമ്മാണത്തിനായുള്ള ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച റിമാർക്സിനായി ഫയൽ ധനവകുപ്പിന് സമർപ്പിച്ചപ്പോൾ ആ വകുപ്പ് ചുവടെ പറയും പ്രകാരം റിമാർക്സ് ലഭ്യമാക്കിയിട്ടുണ്ട്.

''It is noted that the single bid is beyond the limits of acceptance as per GO s in force. In case Administrative Department is of the opinion that no better response is expected even on recall of tenders, Administrative Department may be advised to submit the case of acceptance of single bid submitted by Sreekumar R for ₹ 5,37,80,782.74 which is 19.55% above estimate rate to the council of Ministers for approval with valid justifications''

4) തിരുവനന്തപുരം ജില്ലയിലെ അരുവിക്കര മണ്ഡലത്തിലെ പട്ടംകുളിച്ചപ്പാറ മീനാങ്കൽ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന പന്നിക്കുഴി പാലം നിർമ്മാണത്തിനായി 4 തവണ ടെണ്ടർ ക്ഷണിച്ചിരുന്നു. ആദ്യത്തെ ടെണ്ടറിൽ സിംഗിൾ ബിഡ് മാത്രമാണ് ലഭ്യമായത്. 2,3 ടെണ്ടറുകളിൽ ആരും പങ്കെടുത്തിരുന്നില്ല. സൈറ്റ് കണ്ടീഷൻ പ്രകാരം പ്രസ്തുത പ്രവൃത്തി റീവർക്ക് ചെയ്യാൻ സ്കോപ്പ് ഇല്ലായെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നാലാമത്തെ ടെണ്ടറിൽ ശ്രീ.ശ്രീകുമാർ.ആർ എന്ന കരാറുകാരൻ ക്വാട്ട് ചെയ്തതും,എസ്റ്റിമേറ്റ് പി.എ.സിയെക്കാൾ 19.55% വർദ്ധനവുള്ളതും, DSOR +10% തുകയെക്കാൾ 8.57% വർദ്ധനവുള്ളതും, എൽ.എം.ആർ തുകയെക്കാൾ 10.97% കുറവുള്ളതുമായ 5,37,80,783/- രൂപയുടെ ടെണ്ടർ അംഗീകരിക്കണമെന്ന പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ അപേക്ഷ പരിഗണിച്ച് G.O (P) No. 54/2019/ Fin dated 04.05.2019 ലെ വ്യവസ്ഥകളിൽ ''Quoted amount/LMR or DSoR 2018+10% whichever is less'' ഇളവ് നൽകി ടെണ്ടർ അംഗീകരിക്കുന്നതിനുള്ള അനുമതിയ്ക്കായി ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുകയുണ്ടായി.

5) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര മണ്ഡലത്തിലെ പട്ടംകുളിച്ചപ്പാറ , മീനാങ്കൽ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന പന്നിക്കുഴി പാലം നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച നാലാമത്തെ ടെണ്ടറിൽ ശ്രീ.ശ്രീകുമാർ.ആർ, ശ്രീഭവൻ, വെഞ്ഞാറമൂട് എന്ന കരാറുകാരൻ ക്വാട്ട് ചെയ്തതും,എസ്റ്റിമേറ്റ് പി.എ.സിയെക്കാൾ 19.55% വർദ്ധനവുള്ളതും, DSOR +10% തുകയെക്കാൾ 8.57% വർദ്ധനവുള്ളതും, എൽ.എം.ആർ തുകയെക്കാൾ 10.97% കുറവുള്ളതുമായ 5,37,80,783/- (അഞ്ച് കോടി മുപ്പത്തേഴ് ലക്ഷത്തി എൺപതിനായിരത്തി എഴുന്നൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) രൂപയുടെ ടെണ്ടർ അംഗീകരിക്കണമെന്ന പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ അപേക്ഷ പരിഗണിച്ച് G.O (P) No. 54/2019/ Fin dated 04.05.2019 ഉത്തരവിലെ വ്യവസ്ഥകളിൽ ''Quoted amount/LMR or DSoR 2018+10% whichever is less'' ഇളവ് നൽകി ടെണ്ടർ അംഗീകരിക്കാവുന്നതാണോ ?